പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8271 — 17.07.2014 ലെ മറുപടിയ്ക്ക്

## ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടെന്നും അതിൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്രയെന്നും വിദേശ വിനോദ സഞ്ചാരികൾ എത്രയെന്നും വ്യക്തമാക്കുമോ ; | എ) | ഈ സർക്കാരിന്റെ കാലത്ത് (1.7.2011 മുതൽ 31.3.2014 വരെ) 2,86,07,007 ആഭ്യന്തര ടൂറിസ്റ്റുകളും 23,25,699 വിദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്. |
| ബി) | ഈ കാലയളവിൻ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) | ഈ കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നാലു വർഷങ്ങളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | വിദേശ ടൂറിസ്റ്റുകൾ | ആഭ്യന്തര ടൂറിസ്റ്റുകൾ |
|---|---|---|
| 2010 | 6,59,256 | 85,95,075 |
| 2011 | 7,32,985 | 93,81,455 |
| 2012 | 7,93,696 | 1,00,76,854 |
| 2013 | 8,58,143 | 1,08,57,811 |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| സി) | വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവരെ ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) | അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി ഈ വർഷം 8 അന്താരാഷ്ട്ര വ്യാപാരമേളകളിലും 13 റോഡ് ഷോകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുന്നുണ്ട്.<br>ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ഈ സാമ്പത്തികവർഷം 31 ദേശീയ വ്യാപാര മേളകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുക്കുന്നു. കൂടാതെ 20 റോഡ് ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ് പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ ജസീറ ചാനൽ വഴിയുള്ള പരസ്യ പ്രചരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടുകളിൽ ഡിസ്‌പ്ലേ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രസിദ്ധിയും മേന്മയും ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നിശാഗന്ധി നൃത്തോത്സവം |

| | | | |
|---|---|---|---|
| | | | യു-ട്യൂബിലൂടെ ലോകമെമ്പാടും തത്സമയ സംപ്രേക്ഷണം നടത്തുന്നു. കൂടാതെ ബ്ലോഗേഴ്സ് ക്യാമ്പ്, ഓൺ ലൈൻ പെയിന്റിംഗ് കോംപറ്റീഷൻ, കേരളത്തിന്റെ തനതായ ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ, സി.ഡി. നിർമ്മാണം, ഏരിയൽ ഷോട്ട് മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, കൂടാതെ സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്പൈസ് റൂട്ട് ബ്രോഷർ പ്രിന്റ് ചെയ്തു കഴിഞ്ഞു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഒരു നൂതന ടൂറിസം ഉത്പന്നം എന്ന ഉദ്ദേശത്തോടു കൂടി അവതരിപ്പിച്ചിട്ടുള്ള പദ്ധതിയാണ് കേരള സീപ്ലെയിൻ സർവ്വീസ്.<br>മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നിവ, വിവിധ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ എന്നിവ വഴി പരസ്യ പ്രചരണം നടത്തിവരുന്നു.<br>കൂടാതെ കേരളത്തിനു പുറത്തും, വിദേശ രാജ്യങ്ങളിലും വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി മാദ്ധ്യമങ്ങൾ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ നടപ്പിലാക്കി വരുന്നു.<br>2013ൽ ജപ്പാനിലെ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (ജെ.എ.റ്റി.എ) ഫെയറിൽ കേരള ടൂറിസം പങ്കെടുക്കുകയുണ്ടായി. കൂടാതെ 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിൽ പങ്കെടുക്കുകയുണ്ടായി. 2014 ൽ ജപ്പാനിലെ ജെ.എ.ടി.എ. ടൂറിസം മേളയിൽ കേരള ടൂറിസം വീണ്ടും പങ്കെടുക്കുന്നുണ്ട്. കൂടാതെ വിസ ഓൺ അറൈവൽ സംവിധാനത്തിൽ വരുന്ന രാജ്യമായ ഫിൻലാൻഡിലെ ഹെൽസിങ്കിയിൽ ഒരു റോഡ്ഷോയും ഈ വർഷം നടത്തുന്നതോടൊപ്പം പുതുതായി ഹംഗറി, മലേഷ്യ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലും വകുപ്പ് ഈ വർഷം നടക്കുന്ന മേളകളിൽ പങ്കെടുക്കുന്നുണ്ട്.<br>കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ് , ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി, വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'വിസ ഓൺ അറൈവൽ' എന്ന സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മൽസര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും |

| | | | |
|---|---|---|---|
| | | | പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് അത് വിഭാവനം ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ്, ഇൻസ്റ്റാഗ്രാം, പിന്റ്റെസ്റ്റ്, തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. |
| ഡി) | വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ?; | ഡി) | ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളുടെ വരവിലും വരുമാനത്തിലും വലിയ വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. 2013 കലണ്ടർ വർഷത്തിൽ സംസ്ഥാനത്തിന് 22926.55 കോടി രൂപ വരുമാനമുണ്ടായി. ഇതിൽ 5560.77 കോടി രൂപ വിദേശ നാണ്യമായും ലഭിച്ചു. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | വരുമാനം | വിദേശനാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.55 | 5560.77 |

സെക്ഷൻ ഓഫീസർ